പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2516 28-10-2026-ൽ മറുപടിയ്ക്ക്

കെ.എസ്.ബി.സി.ഡി.സി. മുഖേനെ ഒ.ബി.സി.യ്ക്കുള്ള സാമ്പത്തിക സഹായങ്ങൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. ടി. പി. അഷ്റഫലി	ശ്രീമതി കെ. എ. തുളസി (പട്ടികജാതി, പട്ടികവർഗ്ഗ - പിന്നോക്ക ക്ഷേമ വകുപ്പ് മന്ത്രി)

(എ) കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ (കെ.എസ്.ബി.സി.ഡി.സി.) മുഖേന നിലവിൽ ഒ.ബി.സി. വിഭാഗങ്ങൾക്ക് നൽകി വരുന്ന പദ്ധതികളെ കുറിച്ച് വിശദമാക്കാമോ;

മറുപടി: കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കുമായി ചുവടെ ചേർക്കുന്ന വിവിധ വായ്പ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

1. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നാക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും പുതിയ സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള **സ്വയം തൊഴിൽ വായ്പാ പദ്ധതി**
2. പ്രവാസ ജീവിതത്തിനു ശേഷം നാട്ടിൽ സ്ഥിരതാമസമാക്കിയ പിന്നാക്ക ന്യൂനപക്ഷ സമുദായത്തിൽപ്പെട്ടവർക്ക് സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള പദ്ധതി - **പ്രവാസി സുരക്ഷ സ്വയം തൊഴിൽ വായ്പാ പദ്ധതി.** നോർക്കയുടെ NDPREM പദ്ധതിയിലുൾപ്പെടുത്തി പദ്ധതി അടങ്കലിന്റെ 15% വരെ മൂലധന സബ്സിഡിയായി (പരമാവധി 3 ലക്ഷം രൂപ) അനുവദിക്കുന്നതാണ്.
3. പിന്നോക്ക സമുദായത്തിൽപ്പെട്ടവർക്കും ന്യൂനപക്ഷങ്ങൾക്കും ഇന്ത്യയിലും വിദേശത്തും ഉന്നത വിദ്യാഭ്യാസം ലഭ്യമാക്കുന്നതിനായി **വിദ്യാഭ്യാസ വായ്പ പദ്ധതി.**
4. പിന്നാക്ക വിഭാഗത്തിൽപ്പെട്ട ഒ.ബി.സി. പ്രൊഫഷണലുകൾക്ക് സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള **സ്റ്റാർട്ട് അപ്പ് സ്വയം തൊഴിൽ പദ്ധതി.**
5. സമൂഹത്തിലെ ഏറ്റവും താഴ്ന്ന വരുമാനക്കാർക്ക് ചെറിയ വായ്പകൾ ലഭ്യമാക്കുന്നതിനായി സന്നദ്ധ സംഘടനകളും കുടുംബശ്രീ CDS കളും വഴി **മൈക്രോ ഫിനാൻസ് പദ്ധതി** നടപ്പിലാക്കുന്നു.
6. സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്കും തങ്ങളുടെ ബഹുവിധ ആവശ്യങ്ങൾക്കായി **സുവർണശ്രീ വായ്പാ പദ്ധതി.**

7. താഴ്ന്ന വരുമാനക്കാരായ OBC/ മതന്യൂനപക്ഷ വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിന് ധനസഹായം നൽകുന്നതിനായി **വിവാഹ ധനസഹായ വായ്പ.**

8. നിലവിൽ സ്വയം തൊഴിൽ സംരംഭം ആരംഭിച്ച് ഒരു വർഷം കഴിഞ്ഞവർക്ക് നിലവിലെ സംരംഭം വിപുലീകരിക്കുന്നതിന് **Business Development വായ്പ.**

9. കെ.എസ്.ബി.സി.ഡി.സി. യിൽ നിന്നും സ്വയം തൊഴിൽ വായ്പ എടുത്ത് സംരംഭം ആരംഭിച്ചവർക്ക് തിരിച്ചടവ് കാലാവധി കഴിഞ്ഞതിനു ശേഷം പ്രസ്തുത സംരംഭത്തിന് പ്രവർത്തന മൂലധന ആവശ്യാർഥം നൽകുന്നതിനായി **പ്രവർത്തന മൂലധന വായ്പ.**

10. സർക്കാർ/അർദ്ധസർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന OBC/ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് വ്യക്തിഗത ആവശ്യങ്ങൾക്കായി **വ്യക്തിഗത വായ്പാ പദ്ധതി.**

11. സർക്കാർ/അർദ്ധസർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന OBC/ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ഗൃഹപുനരുദ്ധാരണത്തിന് നൽകുന്ന **സ്വസ്ഥഗൃഹ വായ്പ പദ്ധതി.**

12. സർക്കാർ/അർദ്ധസർക്കാർ സ്വകാര്യ മേഖലയിൽ ജോലി ചെയ്യുന്ന OBC/ മതന്യൂനപക്ഷ വിഭാഗങ്ങളിലുള്ളവർക്ക് ടൂ-വീലർ ഫോർ വീലർ എന്നിവ വാങ്ങുന്നതിനുള്ള **വാഹന വായ്പ പദ്ധതി.**

13. ഭവന രഹിതരായ പിന്നോക്ക / മതന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ടവർക്ക് വീട് നിർമിക്കുന്നതിനുള്ള **എന്റെ വീട് ഭവന നിർമാണ വായ്പ പദ്ധതി.**

14. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മറ്റു പിന്നോക്ക വിഭാഗത്തിൽപ്പെട്ടവർക്കും മതന്യൂനപക്ഷ വിഭാഗത്തിലും ഉൾപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസത്തിനായി **വിദ്യശ്രീ വായ്പാ പദ്ധതി.**

15. സംസ്ഥാനത്തെ പിന്നാക്ക വിഭാഗത്തിൽപ്പെട്ട 60 വയസ് അധികരിക്കാത്ത ലൈസൻസും ബാഡ്ജും ഉള്ള ഓട്ടോ ടാക്സി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് ഇലക്ട്രിക് / സി.എൻ.ജി. ഓട്ടോ ടാക്സികൾ വാങ്ങുന്നതിനും തങ്ങളുടെ പെട്രോൾ വാഹനങ്ങൾ സി.എൻ.ജി. യിലേയ്ക്ക് മാറ്റുന്നതിനുമുള്ള പുതിയ വായ്പാ പദ്ധതിയാണ് **ഗ്രീൻ വീൽ സ്വയം തൊഴിൽ വായ്പാ പദ്ധതി.**

16. സംസ്ഥാനത്തെ ഒബിസി വിഭാഗത്തിൽപ്പെട്ട വിധവൾക്കും, 40 വയസിനു മുകളിൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കും സ്വയം തൊഴിൽ സംരംഭം ആരംഭിക്കുന്നതിനുള്ള **പുനർജനി സ്വയം തൊഴിൽ വായ്പ പദ്ധതി.**

17. **പ്രയദർശിനി സ്വയം തൊഴിൽ വായ്പ പദ്ധതി :** Micro Small and Medium Enterprises (MSME) രജിസ്ട്രേഷനുള്ളതും ഉൽപ്പാദന മേഖലയിൽ പ്രവർത്തിക്കുന്നതുമായ വനിതാ സംരംഭകർക്കായി പുതിയ ഉൽപ്പാദന യൂണിറ്റുകൾ ആരംഭിക്കുന്നതിനും, നിലവിലുള്ളവ വികസിപ്പിക്കുന്നതിനുമായി നടപ്പിലാക്കുന്ന വായ്പാ പദ്ധതിയാണ് പ്രയദർശിനി സ്വയം തൊഴിൽ വായ്പാ പദ്ധതി. കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് വാർഷിക തിരിച്ചടവ് കണക്കാക്കി അടച്ച മുഴുവൻ പലിശയും ഇളവ് നൽകുന്നു.

18. **ജീവൻധാര സീസിയർ സെക്യൂർ വായ്പ പദ്ധതി :** സർക്കാർ സർവ്വീസിൽ നിന്നും വിരമിച്ചവരോ, ഫാമിലി പെൻഷൻകാരോ ആയ മറ്റു പിന്നാക്ക / മതന്യൂനപക്ഷ വിഭാഗങ്ങളിൽ ഉൾപ്പെട്ടവർക്ക് വിവിധ ആവശ്യങ്ങൾക്കായി പരമാവധി 5 ലക്ഷം രൂപ വരെ 9% പലിശ നിരക്കിൽ വായ്പ അനുവദിക്കുന്നു.

(ബി) ഒ.ബി.സി. വിഭാഗങ്ങൾക്ക് നൽകി വരുന്ന സ്വയംതൊഴിൽ, വിദ്യാഭ്യാസ വായ്പാ തുകകൾ വർദ്ധിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യം പരിഗണനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

മറുപടി: നിലവിൽ വായ്പ തുക ഉയർത്തുന്നത് സംബന്ധിച്ച വിഷയം പരിഗണനയിലില്ല.

(സി) വിദേശ സർവകലാശാലകളിൽ ഉന്നതപഠനം നടത്തുന്ന പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതിയുടെ നിലവിലെ പുരോഗതി വ്യക്തമാക്കാമോ?

മറുപടി: കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ മുഖേന വിദേശ സർവ്വകലാശാലകളിൽ ഉന്നത പഠനം നടത്തുന്ന പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കായി സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നില്ല.

സെക്ഷൻ ഓഫീസർ